**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4796 — 05/02/2014-ൽ മറുപടിയ്ക്ക്

## ഏലത്തൂർ നിയോജകമണ്ഡലത്തിൽ നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | **ശ്രീ . കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) 2013-14 വർഷത്തിൽ സംസ്ഥാനത്ത് എത്ര നിയോജക മണ്ഡലങ്ങളെയാണ് "നിറവ് പദ്ധതിയിൽ" ഉൾപ്പെടുത്താൻ തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കാമോ; | എ) 2013-14 വർഷത്തിൽ സംസ്ഥാനത്ത് 31 നിയോജക മണ്ഡലങ്ങളെ "നിറവ് പദ്ധതി" നടപ്പിലാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. |
| ബി) "നിറവ് പദ്ധതിയിൽ" ഉൾപ്പെടുത്തി ഏലത്തൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്താമോ? | ബി) ഏലത്തൂർ നിയോജക മണ്ഡലത്തിൽ "നിറവ് പദ്ധതിയിൽ" ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ പ്രോജക്ട് തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. താഴെ പറയുന്ന പ്രോജക്ടുകളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.<br>1. കാർഷിക മേഖലയിൽ ഒരു പഞ്ചായത്തിൽ 5 വീതം കേര ക്ലസ്റ്ററുകൾ.<br>2. മൃഗ സംരക്ഷണ വകുപ്പ് മുഖേന മുട്ടക്കോഴി വിതരണം, ആടു ഗ്രാമം, മുയൽ വളർത്തൽ, കിടാരി വിതരണം. |

Snehams

**സെക്ഷൻ ഓഫീസർ**